(ബി & സി) ഉണ്ട്. പട്ടികജാതിക്കാർക്കായി മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി നടപ്പുവർഷം 19 കോടി രൂപ അനുവദിച്ചു. കൂടാതെ വീടില്ലാത്ത പട്ടികജാതിക്കാർക്ക് 2005-06 സാമ്പത്തിക വർഷം വീട് നിർമ്മിക്കുന്നതിനായി 35 കോടി രൂപയും ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിന് 10 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഭൂമി ഇല്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നില്ല. മുൻ വർഷങ്ങളിൽ അനുവദിച്ചതും പൂർത്തിയാകാത്തതുമായ പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ പൂർത്തീകരണത്തിനായി നടപ്പുവർഷം ഒരു കോടി രൂപ അനുവദിച്ചു.

2005-06-ൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവഴിക്കുന്ന തുക

113 [871] ശ്രീ. വി. ജെ. പൗലോസ്:

,, വർക്കല കഹാർ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽപ്പെടുന്നവർക്ക് വീടുവയ്ക്കുവാനും വീടുവയ്ക്കുന്നതിനുള്ള സ്ഥലം വാങ്ങുന്നതിനും എന്ത് തുക ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ തുക കൊണ്ട് എത്ര പേർക്ക് വീട് വയ്ക്കുന്നതിനും എത്ര പേർക്ക് സ്ഥലം വാങ്ങുന്നതിനും സഹായം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനായി 35 കോടി രൂപയും ഭൂമി വാങ്ങുന്നതിനായി 10 കോടി രൂപയും ചെലവാക്കാൻ ഉദ്ദേശിക്കുന്നു. മുൻ വർഷങ്ങളിൽ ആരംഭിച്ചതും എന്നാൽ പൂർത്തിയാക്കാത്ത പട്ടികവർഗ്ഗക്കാരുടെ വീടുകൾ പൂർത്തീകരിക്കുന്നതിനായി ഒരു കോടി രൂപ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) പട്ടികജാതിക്കാരായ 5000 കുടുംബങ്ങൾക്ക് വീട് നിർമ്മിക്കാനും ഉദ്ദേശം 4000 പേർക്ക് ഭൂമി വാങ്ങാനും ഈ ധനസഹായംവഴി സാധ്യമാകും. പട്ടികവർഗ്ഗക്കാരുടെ 1270 വീടുകളുടെ പണി പൂർത്തികയാക്കാനും കഴിയും.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിന് ധനസഹായം

114 [872] ശ്രീ. കെ. മോഹൻകുമാർ:

,, ടി. എൻ. പ്രതാപൻ:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വീട് വയ്ക്കാനുള്ള സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly